"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേരള പഞ്ചായത്ത് രാജ് ആക്ട് - തിരുവനന്തപുരം ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 02.08.2024-ലെ 2/1, 08.08.2024-ലെ 2/1 എന്നീ തീരുമാനങ്ങൾ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1127/2025/LSGD തീയതി, തിരുവനന്തപുരം, 07-05-2025

---

പരാമർശം:-

1. 17.01.2023-ലെ ജി.ഒ.(പി) നം.10/2023/LSGD
2. മടവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 02.08.2024-ലെ യോഗത്തിലെ 2/1 നമ്പർ തീരുമാനം
3. മടവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08.08.2024-ലെ യോഗത്തിലെ 2/1 നമ്പർ തീരുമാനം
4. മടവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 24.08.2024-ലെ BPTT02/2322/(1)/2024 നമ്പർ കത്ത്
5. 11.09.2024-ലെ സ.ഉ.(സാധാ)നം.1684/2024-തസ്വഭവ
6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ റഫറൻസ് നമ്പർ 2/2024-ലെ 12.11.2024-ലെ ഉത്തരവ്.

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിൽ 5-ാം വാർഡിൽ ശ്രീമതി ഹയറുന്നിസ ബീവി, നാസില മൻസിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3.60 സെന്റ് വസ്തുവിൽ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മൊബൈൽ ടവറിന്റെ നിർമ്മാണം നിർത്തി വച്ച് പൊതുജനങ്ങളുടെ പരാതി പരിഹരിച്ച ശേഷം മാത്രമേ പെർമിറ്റ് അനുവദിക്കാൻ പാടുള്ളുവെന്നും സ്ഥാപനത്തിന് സ്റ്റോപ്പ് മെമ്മോ നൽകുന്നതിനും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു.

2) പരാമർശം (1) പ്രകാരം 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയനുസരിച്ച് മൊബൈൽ ടവർ നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമില്ലെന്നും നിശ്ചിത മാതൃകയിലുള്ള ഇന്റിമേഷൻ, നിയമാനുസൃത പ്ലാൻ ഉൾപ്പെടെയുള്ള രേഖകൾ എന്നിവ നൽകുകയും, ചട്ടപ്രകാരമുള്ള ഫീസ് അടയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ അനുമതി കൂടാതെ മൊബൈൽ ടവർ നിർമ്മാണം നടത്താവുന്നതാണെന്നും പ്രത്യേക പരിശോധനയോ മറ്റ് നടപടിക്രമങ്ങളോ ആവശ്യമില്ലെന്നും, ഭരണസമിതി തീരുമാനം പ്രസ്തുത ഉത്തരവിന് വിരുദ്ധമായതിനാൽ പുന:പരിശോധിക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ 08.08.2024-ലെ ഭരണസമിതി യോഗത്തിൽ ഇക്കാര്യം വീണ്ടും പരിശോധിച്ചെങ്കിലും ഇൻഡസ് ടവർ പ്രൈവറ്റ് ലിമിറ്റഡിന് നിർമ്മാണാനുമതി നൽകാൻ സാധിക്കില്ലെന്നും നിർമ്മാണത്തിന് സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതിനും പരാമർശം (3) പ്രകാരം തീരുമാനിക്കുകയുണ്ടായി.

3) പരാമർശം (4) പ്രകാരം പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തീരുമാനങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മടവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (2), (3) തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 191(4) വകുപ്പ് പ്രകാരം സ്റ്റേ ചെയ്തും 191(2) വകുപ്പ് പ്രകാരം പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന് റഫർ ചെയ്തും പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

4) പ്രസ്തുത റഫറൻസിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഇൻഡസ് ടവേഴ്സ് ടെലികമ്യൂണിക്കേഷൻ കമ്പനി അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളെല്ലാം ഹാജരാക്കിയിട്ടുണ്ടെന്ന് നിരീക്ഷിക്കുകയും കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ അദ്ധ്യായം 18-ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം ടെലികമ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് ഔപചാരിക അനുമതിയുടെ ആവശ്യമില്ലെന്നും നിർദ്ദിഷ്ട നിർമ്മാണം സംബന്ധിച്ച പഞ്ചായത്തിന് അറിയിപ്പ് നൽകിയാൽ മതിയാകുമെന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് പൂർണ്ണ അധികാരമുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റിക്ക് ഇക്കാര്യത്തിൽ അധികാരമില്ലെന്നും വിലയിരുത്തുകയും അധികാരമില്ലാത്ത വിഷയത്തിലാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതെന്നും പ്രസ്തുത തീരുമാനങ്ങൾ നിയമാനുസൃതമല്ലെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ നിലപാടാണ് ശരിയെന്നും ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മടവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02/08/2024-ലെ 2/1, 08/08/2024-ലെ 2/1 എന്നീ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(1) പ്രകാരം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ് വഞ്ചിയൂർ, തിരുവനന്തപുരം 695035 (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, മടവൂർ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം

പ്രസിഡന്റ്, മടവൂർ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

Date: 08-05-2025 13:13:45

സെക്ഷൻ ഓഫീസർ